MWS.19


കുറ്റിപ്പുഴ കൃഷ്ണപിള്ള

തിരുവനന്തപുരം വിദ്യാഭ്യാസജില്ല

മലയാളം – അടിസ്ഥാനപാഠാവലി

ക്ലാസ്സ് 10 – ശ്രീനാരായണഗുരു



## പ്രവർത്തനം.1

ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക

1.ഭാരതീയ നവോത്ഥാനത്തിന് ഒരിക്കലും ഉപേക്ഷിക്കാനാകാത്ത ഒരു കർമ്മപദ്ധതി?

- സതിസമ്പ്രദായം
- അധഃകൃതവർഗോദ്ധാരണം
- ഉപ്പുസത്യാഗ്രഹം

2.ഏകലോകമെന്ന ആശയത്തിന്റെ മുദ്രാവാക്യമായി പരിഗണിക്കാവുന്ന ഗുരു സന്ദേശം?

- ശുചിത്വം അടുക്കളയിൽ നിന്നാണ് തുടങ്ങുക
- മദ്യം വിഷമാണ്
- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

3.ശ്രീനാരായണോപദേശങ്ങളുടെ ഒരു സവിശേഷത?

- സാർവ്വഭൗമത്വം
- സാർവ്വലൗകികത്വം
- ദേശീയത

4.ഭാരതീയ വേദാന്തത്തിന്റെ പരമമായ ലക്ഷ്യം?

- ത്യാഗം
- സ്നേഹം
- മോക്ഷം

## പ്രവർത്തനം.2

രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക

1.ശ്രീനാരായണഗുരു സ്ഥാപിച്ച ക്ഷേത്രങ്ങളെപ്പറ്റിയുള്ള കുറ്റിപ്പുഴകൃഷ്ണപിള്ള യുടെ നിരീക്ഷണങ്ങൾ വ്യക്തമാക്കുക?

| പ്രവർത്തനം.3 | വിശകലനക്കുറിപ്പ് തയ്യാറാക്കുക |
|---|---|

❖ ശ്രീനാരായണഗുരുവിന്റെ ചില സന്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

- ➢ മതമേതായാലും മനുഷ്യൻ നന്നായാൽമതി.
- ➢ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
- ➢ മദ്യം ഉണ്ടാക്കരുത് കുടിക്കരുത് കൊടുക്കരുത്

- ഈ സന്ദേശങ്ങളുടെ സമകാലികപ്രസക്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (ഒന്നരപ്പുറം)

❖ <u>സൂചകങ്ങൾ</u>

- സന്ദേശങ്ങളുടെ ആശയം വിശദമാക്കുക
- സമകാലിക പ്രസക്തി
- സ്വന്തം നിരീക്ഷണം

| പ്രവർത്തനം. 4 | ഘടകപദങ്ങളെ സമസ്തപദമാക്കുക |
|---|---|

ഉദാ:- മതത്തിന്റെ പ്രമാണം -മതപ്രമാണം

1.പരമമായ ലക്ഷ്യം

2.സ്വന്തം മോക്ഷം

3.മനോഹരമായ രൂപം

4.ധ്യാനത്തിന്റെ ലക്ഷ്യം

5.വിദ്യാഭ്യാസത്തിനുള്ള സ്ഥാപനം

6.ലളിതമായ ഭാഷ

7.ആശയത്തിന്റെ ആവിഷ്ക്കാരം

8.താല്ക്കാലികമായ ഉപാധി

9.ദേശവും കാലവും

## പ്രവർത്തനം.5 | ചേർത്തെഴുതുക

ഉദാ:- പ്രതി + ഏകം =പ്രത്യേകം

1.അതി +അന്തം

2.വിശിഷ്ട + ആശയം

3.അ +ദേഹം

4.അത് +അനുസരിച്ച്

5.വിദ്യ +അഭ്യാസം

6.കൂടെ +കൂടെ

7.യുഗ + ആചാര്യൻ

8.സഹസ്ര + അബ്ദം

9.യുക്തി +അനുഭവം

10.അതി +ആവശ്യം

TM